
അനുഭവം

**അഭയവും കേരളീയവും വൈദ്യശസ്ത്രവും വള്ളുവനാട് പ്രകൃതി പഠന കേന്ദ്രവും ചേർന്ന് മെയ് 11-12 ന് കൊപ്പത്തും രായിരനല്ലൂർ മലയിലും നടത്തിയ മഴക്യാമ്പ്-ഒരു അനുഭവക്കുറിപ്പ്.**



# അഭയത്തിൽ ഒരു രാവ് രായിരനല്ലൂരിൽ ഒരു പകൽ

മഡോണ

**പ്രതീക്ഷിച്ചതിലും** നേരത്തെ പട്ടാമ്പിയിൽ വണ്ടിയിറങ്ങിയതു കൊണ്ട് ഒറ്റക്കിരുന്നു മുഷിയണമല്ലോ എന്നു വിചാരിച്ചു പ്രയാസപ്പെട്ടു കൊണ്ടാണ് 'അഭയ'ത്തിൽ എത്തിയത്. തിണ്ണയിലിരുന്ന് പത്രത്താളുകൾക്കിടയിലൂടെ കണ്ണോടിക്കുന്നതിനിടയിൽ അകത്ത് ആളുകളോട് സൗമ്യനായി സംസാരിച്ചു കൊണ്ടിരിക്കുന്ന വ്യക്തിയിലേക്ക്, കൃഷ്ണേട്ടനിലേക്ക് ശ്രദ്ധ പാളിയിരുന്നു. ഇന്നലെ രാത്രി ഉറങ്ങാൻ കിടന്നതിനുശേഷമെപ്പോഴോ മരിച്ച, ബന്ധുക്കളായി അവസാന കാലത്ത് 'അഭയം' മാത്രമുണ്ടായിരുന്ന ഒരാളുടെ മൃതശരീരം ഏറ്റുവാങ്ങാനായി എത്തിയ ബന്ധുക്കളോട് സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു കൃഷ്ണേട്ടൻ.

തുള്ളിയിട്ടുപെയ്തു തുടങ്ങുന്ന മഴ പോലെ ആളുകൾ ഒറ്റക്കൊറ്റക്കും ചെറിയ കൂട്ടങ്ങളായും അഭയത്തിലേക്ക് എത്തിക്കൊണ്ടിരുന്നു. രാജഗോപാലേട്ടൻ എത്തിയപ്പോൾ ഞങ്ങൾ പത്തുപതിനഞ്ചുപേർ വട്ടം കൂടിയിരുന്ന് സംസാരിച്ചു തുടങ്ങി. നഷ്ടമായിക്കൊണ്ടിരിക്കുന്ന ഗ്രാമജീവിതത്തിലെ സ്നേഹസമ്പർക്കങ്ങളെക്കുറിച്ചും ഭക്ഷ്യ സ്വയം പര്യാപ്തതയെക്കുറിച്ചും കേരളീയന്റെ ഭവനസങ്കൽപ്പത്തെക്കുറിച്ചും മറ്റുമായി ചർച്ച നീണ്ടു. ഇതിനിടക്ക് ഗെയ്റ്റിനപ്പുറത്തു നിന്ന് പുറത്തേക്ക് കടക്കാൻ വെമ്പൽ കൊള്ളുന്ന മൂന്നുനാല് കുഞ്ഞുമുഖങ്ങളും അവരുടെ കലപില ശബ്ദങ്ങളും ശ്രദ്ധിച്ചു. എന്റെ കയ്യിൽ നഖങ്ങളാൽ നുള്ളി വേദനിപ്പിച്ചുകൊണ്ടാണ് മൂന്നു വയസ്സുകാരി കവിത പരിചയപ്പെട്ടു തുടങ്ങിയത്. എത്ര പെട്ടെന്നാണ് പിച്ചലും മാന്തലും തലോടലും ഉമ്മവെക്കലുമായി മാറിയത്. അമ്മ അടുത്തില്ലാത്ത ആ കുഞ്ഞുങ്ങളോട് സംസാരിച്ചു കൊണ്ടിരുന്നപ്പോൾ എന്റെ അമ്മ മനസ്സ് നീറിക്കൊണ്ടിരുന്നു. ഒരമ്മക്ക് ലോകത്തുള്ള കുഞ്ഞുങ്ങൾ മുഴുവൻ സ്വന്തമാണെന്ന് തോന്നുമെന്ന് അവരോട് കിന്നാരം പറഞ്ഞുകൊണ്ടിരിക്കേ അനുഭവപ്പെട്ടു.

ഈ കുട്ടികളെക്കൂടാതെ എൺപതോളംപേർ അഭയത്തിലുണ്ട്. സമൂഹത്തിന്റെ ബുദ്ധിക്കൊപ്പം മനസ്സെത്താത്തവർ, ബന്ധുക്കളാരുമില്ലാത്തവർ, പ്രായത്തിന്റെ ഒറ്റയാവലിൽ പെട്ടുഴലുന്നവർ... അഭയമില്ലാത്തവർക്കെല്ലാം അഭയമാവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു അഭയവും കൃഷ്ണേട്ടനും.

ഉച്ചഭക്ഷണം കഴിച്ച് ഔപചാരികമായ പരിചയപ്പെടലിനു ശേഷം അഭയത്തിലെ കൃഷിത്തോട്ടം സന്ദർശിക്കാനിറങ്ങി. ചേനയും മഞ്ഞളും വാഴയും വെണ്ടയും വഴുതിനിങ്ങയുമൊക്കെ നിറഞ്ഞ ആരോഗ്യത്തോടെ നിൽക്കുന്നു. പാടം നിറയെ വിളഞ്ഞു നിൽക്കുന്ന നെൽക്കതിരുകൾ. അഭയം ഭക്ഷണ സ്വാശ്രയത്വത്തിലേക്ക് നീങ്ങാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന കാഴ്ച. നെൽപ്പാടത്തിനപ്പുറത്ത് മണ്ണുതേച്ച ചുമരുകളുള്ള കൃഷ്ണേട്ടന്റെ തറവാട്ടിൽ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' കടന്നു വന്നവരുടെ സ്മൃതികളുറങ്ങുന്നു. അഭയത്തെക്കുറിച്ച് നിലമ്പൂർ പ്രകൃതി പഠന കേന്ദ്രം

ചെയ്ത ഡോക്യുമെന്ററി ഒരു കമ്യൂണിസ്റ്റിന്റെ ജീവിതം ഇത്തരം പ്രവർത്തനങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനെക്കുറിച്ചുള്ള കോറിയിടലുകളായിരുന്നു.

തിരിച്ചെത്തി ഓരോരുത്തരും അവിടെയുമിവിടെയുമായി നിന്ന് സംസാരിക്കാൻ തുടങ്ങിയ നേരത്ത് കുറച്ചുമുമ്പു മാത്രം ചങ്ങാത്തം സ്ഥാപിച്ച ഞങ്ങൾ കുറച്ചുപേർ കുട്ടികൾക്ക് ചായപെൻസിലുകളും മറ്റും വാങ്ങാനും ഒരു ചായ കുടിക്കാനുമായി പുറത്തിറങ്ങി. വർണ്ണ വെളിച്ചങ്ങൾക്കിടയിൽ തട്ടുകടയിലെ പെട്രോൾമാക്സിന്റെ കീഴിലിരുന്ന് കഴിച്ച പുഴുങ്ങിയ കപ്പയ്ക്ക് നാടിന്റെ രുചിയും മണവും.

രാത്രി അഭയത്തെക്കുറിച്ച്, ഒരു സ്ഥാപനം എന്ന നിലക്ക് അഭയത്തിനുള്ള സാദ്ധ്യതകളെക്കുറിച്ച്, പരിമിതികളെക്കുറിച്ച് കൃഷ്ണേട്ടനോട് സംസാരിച്ചു തുടങ്ങി. പ്രണയത്തെ പോലെത്തന്നെ ജീവകാരുണ്യ പ്രവർത്തനങ്ങളും നമ്മളിൽ പലർക്കും ഒരു ഫാന്റസിയാണ്. നേരിട്ട് ഇത്തരം ഒരു പ്രവർത്തനം ചെയ്യുമ്പോൾ എന്തെല്ലാം സാങ്കേതിക ബുദ്ധിമുട്ടുകൾ, മാനസിക സംഘർഷങ്ങൾ...എങ്കിലും അവസാനം കൂട്ടിയും കിഴിച്ചും വരുമ്പോൾ ഇത് മുന്നോട്ട് കൊണ്ടുപോകാനുള്ള ഊർജം തന്നെയാണ് കൃഷ്ണേട്ടനിൽ ബാക്കി വരുന്നതെന്നത് ഞങ്ങളേയും ഊർജ്ജസ്വലരാക്കി.

ശ്രീകണ്ഠൻ മാഷുടെ വ്യത്യസ്തമായ ഹിമാലയൻ അനുഭവങ്ങൾ.....ഏത് ക്യാമ്പിലുമെന്നതുപോലെ രാത്രി ഉറക്കമളച്ചിരുന്ന് കവിതകളും ഗസലുകളും ചൂടു പിടിച്ച ചർച്ചകളും.

രാവിലെ മൂന്നാലു കിലോമീറ്റർ നടന്ന് രായിരനല്ലൂർ മലമുകളിലെത്തി. മഴക്യാമ്പ് നടക്കുന്നതറിഞ്ഞിട്ടാവാം മഴ കണ്ണുപൊത്തിക്കളിയാരംഭിച്ചു. എവിടെ തിരഞ്ഞിട്ടും മഴയെ കിട്ടിയില്ല. നാറാണത്ത് ഭ്രാന്തന്റെ കൂറ്റൻ പ്രതിമക്ക് മുകളിൽ സൂര്യന്റെ കത്തുന്ന കണ്ണുകൾ. ആർത്തി പിടിച്ചോടിക്കൊണ്ടിക്കുന്ന മനുഷ്യനു നേരെ പരിഹാസത്തിൽ മുങ്ങി ഉരുണ്ടു വീണുകൊണ്ടിരുന്ന നാറാണത്തിന്റെ കല്ലുകൾക്ക് കാലം കഴിയുന്തോറും പ്രസക്തി ഏറിവരുന്നു. സന്തോഷമെന്നത് ആരുടെയെങ്കിലും അനുഗ്രഹത്താലോ മറ്റോ കിട്ടുന്നതല്ലെന്ന്, അത് സ്വന്തം മനസ്സിൽ നിന്നൂറിവരേണ്ടതാണെന്ന് ഒരു കാലിൽ നിന്ന് മന്ത് മറുകാലിലേക്ക് മാറ്റിക്കൊണ്ട് നാറാണത്ത് നമ്മോട് പറയുന്നു.

കുന്നിൻ മുകളിലിരുന്ന് ദാസൻ മാഷിനൊപ്പം കുറച്ചുനേരം കണ്ണുകളടച്ച് ഉൾത്തടങ്ങളിലേക്ക് ഊളിയിട്ടു. മലർന്നു കിടന്ന് ആകാശം നോക്കി ഇത്തിരി മയങ്ങി. എല്ലാവരും ചേർന്ന് 'നിന്റെ മക്കളിൽ ഞാനാണ് ഭ്രാന്തൻ' എന്ന് ഉറക്കെയുറക്കെ ആകാശത്തോട് ഭൂമിയോട് പാടിക്കൊണ്ടിരുന്നു. മല കയറ്റത്തേക്കാൾ ആസ്വാദ്യകരമായിരുന്നു ഇറക്കം. ഒരു ചെറിയ വഴിയിലൂടെ കാല് മടക്കി വെക്കാൻ പോലുമാവാതെ ചെടിത്തലപ്പുകളേയും മുന്നിൽ നടക്കുന്നവരുടെ തോളുകളേയും പിന്നിൽ നടക്കുന്നവരുടെ കൈകളേയും ആശ്രയിച്ച് താഴെയെത്തി.

രുചികരമായ ഉച്ചഭക്ഷണം ആസ്വദിച്ചു കഴിച്ചു. തലേന്നു മുതൽ നിറഞ്ഞു സ്നേഹിച്ചുകൊണ്ടിരുന്ന കൊച്ചുകുട്ടികളിൽ ഉള്ളു നിറഞ്ഞു. അവരെ പിരിയാനാവുന്തോറും ഉള്ളിലെവിടെയോ ഒരു നീറ്റൽ.

നാറാണത്തുഭ്രാന്തന്റെ കഥയിൽ മുഴങ്ങുന്ന ഒരു ചിരിയുണ്ട്. മനുഷ്യവംശത്തിന്റെ കഠിനപ്രയത്നങ്ങൾക്കു നേരെ ഒരു ഭ്രാന്തനു മാത്രം സാധിക്കാവുന്ന മൂർച്ചയിൽ ഒരു ഖഡ്ഗ പ്രയോഗം. യുദ്ധങ്ങളുടെ, കലാപങ്ങളുടെ അർത്ഥശൂന്യതക്കു നേരെ ഈ ചിരി മുഴങ്ങുന്നു. ഈ ചിരിയിലെ അപ്രതിരോധ്യമായ സിനിസിസത്തെ സൗമ്യമായ ഒരൊറ്റത്തൊടൽ കൊണ്ട് ഒരു പുഞ്ചിരി കൊണ്ട് ഒരു കണ്ണുനീർത്തുള്ളി കൊണ്ട് മറികടക്കുകയാണ് കൃഷ്ണേട്ടൻ. പണത്തിനും അധികാരത്തിനും വേണ്ടിയുള്ള പാച്ചിലുകളല്ല വേണ്ടതെന്നും യഥാർത്ഥത്തിൽ ഇന്നത്തെ ലോകത്തിൽ ഒരു മനുഷ്യൻ എന്താണ് ചെയ്തുകൊണ്ടിരിക്കേണ്ടതെന്നും കൃഷ്ണേട്ടൻ നിശബ്ദമായി നമ്മോട് പറഞ്ഞുകൊണ്ടിരിക്കുന്നു.

*'സോളിറ്റ്യൂഡ്', കൊയിലാണ്ടി, കോഴിക്കോട്*

## കേരളീയം അടുത്ത ലക്കങ്ങളിൽ



പുതിയ വ്യവസായങ്ങൾ, തൊഴിലിനുവേണ്ടി പുതിയ സ്ഥാപനങ്ങൾ, വൻവികസനം, മുഖച്ഛായ മാറുന്നു, വൻ നിക്ഷേപം..... തുടങ്ങിയ പേരുകളിൽ ആളുകൾ പ്രതീക്ഷയോടെ, കേരളത്തിലും ഇന്ത്യയിലും പുതുതായി വരുന്ന പദ്ധതികളെ സ്വീകരിക്കുന്നു. എന്നാൽ വാസ്തവമെന്താണ്?

തൃശൂരിൽ പുഴയ്ക്കൽ പാടത്ത് ശോഭ ഡവലപ്പേഴ്സ്, 850 കോടി രൂപ നിക്ഷേപിച്ച് ശോഭ സിറ്റി നിർമ്മിക്കുന്നു. കൊച്ചിയിൽ വളന്തക്കാട് ദ്വീപിൽ 5000 കോടി രൂപ മുടക്കി ശോഭ ഹൈടെക്ക് സിറ്റി സ്ഥാപിക്കുന്നു.

ഇത് കേരളീയരുടെ ഭാവി ജീവിതത്തിന് ഗുണകരമാകുമോ? സുസ്ഥിരമായ വികസനം സാദ്ധ്യമാകുമോ? അതോ ജീവിതമാർഗ്ഗം മുട്ടിക്കുന്ന നാശത്തിലേക്കോ? പുതിയ കുടിയിറക്കും അഭയാർത്ഥികളും സൃഷ്ടിക്കപ്പെടുമോ? ഒരന്വേഷണം.